بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 16.09.2022

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ ഇസ്‌ലാമാബാദിലുള്ള മസ്ജിദ് മുബാറകിൽ നിർവഹിച്ചത്.***

## ഹദ്റത്ത് അബൂബക്കർ സിദ്ദീഖ്(റ)ന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങൾ - 33

اَشْهَدُ اَنْ لَّآاِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطَانِ الرَّجِيْمِ ۞ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ۞ اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ۞ اَلرَّحْمٰنِ الرَّحِيْمِ ۞ مٰلِكِ يَوْمِ الدِّيْنِ ۞ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ۞ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ۞ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ۞

ഹദ്റത്ത് അബൂബക്കർ സിദ്ധീഖ്(റ)ന്റെ കാലഘട്ടത്തിലെ പ്രവർത്തനങ്ങളെ കുറിച്ചാണ് അനുസ്മരിച്ച് വരുന്നത്. ഇതിൽ ദിമ്മികളുടെ അവകാശങ്ങളെ സംബന്ധിച്ച് കുറച്ച് വിശദീകരണങ്ങളുണ്ട്. ദിമ്മി എന്നതുകൊണ്ടുള്ള ഉദ്ദേശം ഇസ്‌ലാമിക ഭരണകൂടത്തെ അനുസരിച്ചുകൊണ്ട് തങ്ങളുടെ മതത്തിൽ തന്നെ നിലകൊള്ളുന്ന ആളുകളാണ്. ഇസ്‌ലാമിക ഭരണകൂടം അവരുടെ സംരക്ഷണം ഏറ്റെടുത്തിരുന്നു. ഇവർ സൈനിക സേവനത്തിൽനിന്നും സക്കാത്ത് കൊടുക്കുന്നതിൽനിന്നും വിമുക്തരാകുന്നു. അതുകൊണ്ട് (അതിനു പകരമായി) അവരിലെ പ്രായപൂർത്തി എത്തിയവരും ആരോഗ്യവും ജോലി ചെയ്യാൻ ശേഷിയുള്ളവരുമായ ആളുകളിൽനിന്ന് വർഷത്തിൽ നാല് ദിർഹം ടാക്സ് വാങ്ങിയിരുന്നു. വൃദ്ധന്മാരും വികലാംഗരും നിസ്സഹായരും ആശ്രിതരും കുട്ടികളും ഇതിൽനിന്ന് ഒഴിവായിരുന്നു. മാത്രമല്ല വികലാംഗർക്കും ആശ്രിതർക്കും ഇസ്‌ലാമിക ബൈത്തുൽ മാലിൽനിന്ന് സഹായം നൽകുകയാണ് ചെയ്തിരുന്നത്. ഇറാഖിലെയും സിറിയയിലെയും വിജയത്തിനുശേഷം നിരവധി ഗോത്രങ്ങളും ജനവാസ മേഖലകളും ജിസിയയുടെ അടിസ്ഥാനത്തിൽ ഇസ്‌ലാമിക ഭരണകൂടത്തിന്റെ പ്രജകളായി തീർന്നിട്ടുണ്ടായിരുന്നു. അവരുമായി ഉണ്ടാക്കിയ ഉടമ്പടിയിൽ ചില അനുച്ഛേദങ്ങൾ ഇങ്ങനെയായിരുന്നു. അവരുടെ അന്തപുരങ്ങളും പള്ളികളും പൊളിക്കുന്നതല്ല. ശത്രുക്കളുമായി പൊരുതുമ്പോൾ സംരക്ഷണത്തിന് ഉപയോഗിച്ചിരുന്ന കോട്ടകൾ തകർക്കുന്നതല്ല. ശംഖ് വിളിക്കുന്നത് തടയുന്നതല്ല. ഉത്സവവേളകളിൽ കുരിശ് ഉയർത്തുന്നത് തടയുന്നതല്ല. അതായത് കുരിശുകൊണ്ടുള്ള ജാഥകൾ നടത്താവുന്നതാണ്.

ഖുർആൻ ക്രോഡീകരണം ഹദ്റത് അബൂബക്കർ(റ) ന്റെ കാലഘട്ടത്തിലുണ്ടായ അനുപമവും മഹത്വമേറിയതുമായ ഒരു കർമമായിരുന്നു. യമാമ യുദ്ധത്തിൽ ഏകദേശം എഴുനൂറ് ഹാഫിസീങ്ങൾ ശഹീദായപ്പോൾ അല്ലാഹു വിശുദ്ധ ഖുർആൻ സ്വരുക്കൂട്ടുന്നതിന് ഹദ്റത് ഉമർ(റ)ന്റെ മനസ്സിനെ സന്നദ്ധമാക്കുകയുണ്ടായി. അതിന്റെ വിശദീകരണം സഹീഹ് ബുഖാരിയിൽ ഇങ്ങനെ വന്നിരിക്കുന്നു, യമാമക്കാരുമായുള്ള യുദ്ധത്തിന്ശേഷം ഹദ്റത് അബൂബക്കർ ഹദ്റത് സൈദ് ബിൻ സാബിത്ത്(റ)നെ വിളിച്ചു (കൊണ്ട് പറഞ്ഞു:) ഹദ്റത് ഉമർ ബിൻ ഖത്താബ് ഖുർആൻ ക്രോഡീകരിക്കാൻ അഭിപ്രായപ്പെട്ടിരിക്കുന്നു. സൈദ്(റ)നെ വിശുദ്ധ ഖുർആൻ സ്വരുക്കൂട്ടാൻ ഏൽപിച്ചു. ഹദ്റത് സൈദ് പറയുകയാണ്: അല്ലാഹുവാണെ! ഒരു പർവതത്തെ ഒരിടത്ത്നിന്ന് മറ്റൊരിടത്തേക്ക് കൊണ്ടുപോകുന്ന ഉത്തരവാദിത്തമാണ് എന്നെ ഏൽപിച്ചതെങ്കിൽ അത് ഖുർആൻ സ്വരുക്കൂട്ടാൻ കൽപിച്ച അത്രയും പ്രയാസമുള്ള ജോലിയാകുമായിരുന്നില്ല. അങ്ങനെ ഞാൻ വിശുദ്ധ ഖുർആൻ ഈന്തപ്പനയുടെ ശാഖകളിൽനിന്നും വെളുത്ത കല്ലുകളിൽനിന്നും ജനങ്ങളുടെ ഹൃദയങ്ങളിൽ നിന്നും സ്വരുക്കൂട്ടാൻ തുടങ്ങി.

ഹദ്റത് അബൂബക്കർ സിദ്ധീഖ്(റ) ഹദ്റത് സൈദ് ഇബ്നു സാബിത്ത് മുഖേന വിശുദ്ധ ഖുർആൻ ഒരു ഗ്രന്ഥത്തിൽ സ്വരുക്കൂട്ടുകയുണ്ടായി. അതാണ് സഹീഫയെ സിദ്ധീഖി എന്നറിയപ്പെടുന്നത്. ഇത് ഹദ്റത് അബൂബക്കർ സിദ്ധീഖിന്റെ പക്കലും അതിനുശേഷം ഹദ്റത് ഉമറിന്റെ അടുത്തും തുടർന്ന് അത് ഹദ്റത് ഹഫ്സയുടെ അടുക്കലുമാണ് ഉണ്ടായിരുന്നത്. അങ്ങനെ ഹദ്റത് ഉസ്മാൻ(റ) തന്റെ ഖിലാഫത്ത് കാലഘട്ടത്തിൽ ഹദ്റത് ഹഫ്സയിൽനിന്ന് അത് താത്കാലികമായി വാങ്ങി; അതിന്റെ ഏതാനും പകർപ്പുകൾ ഉണ്ടാക്കി. പിന്നെ അത് ഹദ്റത് ഹഫ്സക്ക് തന്നെ തിരിച്ച് കൊടുത്തു. ഹിജ്റ അമ്പത്തിനാലിൽ മർവാൻ മദീനയുടെ അധികാരിയായപ്പോൾ ഈ ഖുർആൻ പ്രതി ഹദ്റത് ഹഫ്സയിൽനിന്നും വാങ്ങാൻ ആഗ്രഹിച്ചു. പക്ഷെ, ഹദ്റത് ഹഫ്സ അതിന് വിസമ്മതിക്കുകയാണ് ചെയ്തത്. ഹദ്റത് ഹഫ്സയുടെ മരണത്തിനുശേഷം മർവാൻ ഹദ്റത് അബ്ദുല്ലാഹ് ബിൻ ഉമറിൽ നിന്ന് ആ പ്രതി വാങ്ങി നശിപ്പിക്കുകയുണ്ടായി.

ഹദ്റത് അലി ഇത് സംബന്ധിച്ച് പറയുന്നു: അല്ലാഹു ഹദ്റത് അബൂബക്കറിനുമേൽ കരുണ ചൊരിയുമാറാകട്ടെ. അദ്ദേഹം തന്നെയാണ് ഏറ്റവുമാദ്യം വിശുദ്ധ ഖുർആനെ ഗ്രന്ഥരൂപത്തിൽ സുരക്ഷിതമാക്കിയത്.

ഹദ്റത് മുസലിഹ് മൗഊദ്(റ) പറയുന്നു: വാസ്തവത്തിൽ വിശുദ്ധ ഖുർആൻ തുടർച്ചയായി നിലനിന്നു

പോന്നത്പോലെ ലോകത്ത് മറ്റൊരു ലിഖിതവും തുടർച്ചയായി നിലനിന്നുപോന്നിട്ടില്ല. റസൂൽ കരീം(സ)യുടെ കാലത്ത് തീർച്ചയായും മുഴുവൻ ഖുർആനും രേഖപ്പെടുത്തിയിരുന്നു. നബി(സ)യുടെ കാലഘട്ടത്തിൽ വിശുദ്ധ ഖുർആൻ ഒരു വാല്യത്തിൽ അല്ലായിരുന്നു. ഹദ്റത് അബൂബക്കർ സൈദിനെ വിളിച്ച് പറഞ്ഞത്, ഖുർആൻ സ്വരുക്കൂട്ടുക എന്നാണ്. അല്ലാതെ രേഖപ്പെടുത്തണം എന്നല്ല പറഞ്ഞത്. ചുരുക്കത്തിൽ ഈ വാക്കുകൾ വ്യക്തമാക്കിത്തരുന്നത്, ആ സമയത്ത് വിശുദ്ധ ഖുർആന്റെ ഏടുകൾ ഒരുമിച്ച് കൂട്ടുക എന്നതായിരുന്നു കാര്യം. എഴുതുന്ന പ്രശ്നം തന്നെ ഉദിച്ചിരുന്നില്ല. ഹദ്റത് ഉസ്മാന്റെ ഖിലാഫത്ത് കാലത്ത് മുസ്‌ലിം ലോകത്ത് മുഴുവനും ഒരൊറ്റ പാരായണ മുറയിൽ ക്രമീകരിക്കുകയുണ്ടായി.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: തുടർന്ന് ഒന്നാം ഖലീഫ ഹദ്റത് അബൂബക്കർ സിദ്ധീഖ്(റ) അതിന്റെ എല്ലാ സൂറത്തുകളും തിരുനബി(സ)യിൽനിന്ന് ശ്രവിച്ച അതേ ക്രമത്തിൽ ക്രോഡീകരിക്കുന്നതിനുള്ള സംവിധാനം ചെയ്തു. വിശുദ്ധ ഖുർആനെ ഖുറൈശികളുടെ വാക്കുകൾക്ക് അനുസൃതമായി ഒരു പാരായണത്തിൽ ക്രമീകരിക്കാനും അതിനെ എല്ലാ രാജ്യങ്ങളിലേക്കും പരത്തുന്നതിനും അല്ലാഹു മൂന്നാം ഖലീഫ ഹദ്റത് ഉസ്മാൻ(റ)നു തൗഫീഖ് നൽകുകയുണ്ടായി.

ഹദ്റത് അബൂബക്കർ(റ)ന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ട് ഏറ്റവുമാദ്യം ചെയ്ത കാര്യങ്ങളെ അബൂബക്കറിന്റെ പ്രഥമ കാര്യങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നു. ഏറ്റവും ആദ്യം ഇസ്‌ലാം സ്വീകരിച്ച വ്യക്തി, മക്കയിൽ അദ്ദേഹത്തിന്റെ വസതിക്ക് മുന്നിലാണ് ഏറ്റവും ആദ്യത്തെ മസ്ജിദ് ഉണ്ടാക്കിയത്, മക്കയിൽ നബി(സ)നെ പിന്തുണച്ചുകൊണ്ട് ഏറ്റവുമാദ്യം മക്കയിലെ ഖുറൈശികളുമായി യുദ്ധം ചെയ്ത വ്യക്തി, നിരവധി അടിമ സ്ത്രീപുരുഷൻമാർ ഇസ്‌ലാമിന്റെ പേരിൽ ദ്രോഹിക്കപ്പെട്ടപ്പോൾ ഏറ്റവുമാദ്യം അവരെ വിലയ്ക്ക് വാങ്ങി സ്വതന്ത്രനാക്കിയ വ്യക്തി, ഏറ്റവു മാദ്യം വിശുദ്ധ ഖുർആനെ ഒരു ഗ്രന്ഥത്തിൽ സ്വരുക്കൂട്ടിയ വ്യക്തി, വിശുദ്ധ ഖുർആന് ഏറ്റവുമാദ്യം മുസ്ഹഫ് എന്ന പേര് നൽകിയ വ്യക്തി, ഖുലഫാ ഉർറാശിദീങ്ങളിൽ പ്രഥമൻ, തിരുനബി(സ)യുടെ ജീവിത കാലത്ത് അമീറുൽ ഹജ്ജ് ആയി നിയമിക്കപ്പെട്ട ആദ്യത്തെ വ്യക്തി, നബി(സ)യുടെ ജീവിത കാലത്ത് മുസ്‌ലിംകൾക്ക് ഇമാമത്ത് വഹിച്ച ആദ്യത്തെ വ്യക്തി, ഇസ്‌ലാമിൽ ബൈത്തുൽ മാൽ സ്ഥാപിച്ച ആദ്യത്തെ വ്യക്തി, മുസ്‌ലിംകൾ വേതനം നിശ്ചയിച്ചു നൽകിയ ആദ്യത്തെ ഇസ്‌ലാമിക ഖലീഫ, തന്റെ പിൻഗാമിയെ നാമനിർദേശം ചെയ്ത ആദ്യത്തെ ഖലീഫ, ഖലീഫയായ സമയത്ത് പിതാവ് ജീവിച്ചിരിപ്പുണ്ടായിരുന്ന ആദ്യത്തെ ഖലീഫ, ഇസ്‌ലാമിൽ ഏറ്റവുമാദ്യമായി നബി(സ) വിളിപ്പേര് വെച്ചത് ഇദ്ദേഹത്തിനായിരുന്നു, നാല് തലമുറകൾക്ക് സഹാബിയാകാൻ കഴിഞ്ഞ ആദ്യത്തെ വ്യക്തിത്വം, അദ്ദേഹത്തിന്റെ പിതാവ് അബൂഖഹാഫയും, ഹദ്റത് അബൂബക്കറും മകൻ ഹദ്റത് അബ്ദുറഹ്മാൻ ബിൻ അബീബക്കറും പൗത്രൻ ഹദ്റത് മുഹമ്മദ് ബിൻ അബ്ദുറഹ്മാൻ ബിൻ അബീബക്കറും സ്വഹാബാക്കളായിരുന്നു.

അദ്ദേഹത്തിന്റെ പരിശുദ്ധ രൂപവിശേഷത്തെ സംബന്ധിച്ച് ഹദ്റത് ആയിശ(റ) പറയുന്നു: ഹദ്റത് അബൂബക്കർ, വെളുത്ത നിറമുള്ള മെലിഞ്ഞ ശരീര പ്രകൃതമുള്ള ആളായിരുന്നു. കവിളിൽ മാംസം കുറവായിരുന്നു. മുതുക് അല്പം വളഞ്ഞിട്ടുണ്ടായിരുന്നു. കണ്ണുകൾ താഴേക്ക് കുഴിഞ്ഞിരുന്നു. നെറ്റി വലുപ്പമുള്ളതായിരുന്നു. ഹദ്റത് അനസ് ഇബ്നു മാലിക് പറയുന്നു: ഹദ്റത് അബൂബക്കർ മൈലാഞ്ചികൊണ്ട് മുടി നിറം പിടിപ്പിച്ചിട്ടുണ്ടായിരുന്നു. ഹദ്റത് അബൂബക്കർ ഒരു പക്ഷിയെ കണ്ടപ്പോൾ പറഞ്ഞു: ഞാൻ നിന്നെ പോലെയാകാൻ ആഗ്രഹിക്കുന്നു. നിനക്ക് യാതൊരു കണക്കെടുപ്പും ഇല്ല; ശിക്ഷയും ഇല്ല.

ഹദ്റത് അബൂബക്കർ, വഫാത്ത് സമീപസ്ഥമായപ്പോൾ ഹദ്റത് ആയിശയോട് പറഞ്ഞു: എന്റെ പ്രിയപ്പെട്ട മോളേ, നിനക്കറിയാം ജനങ്ങളിൽ എനിക്ക് ഏറ്റവും ഇഷ്ടവും സ്നേഹവും നിന്നോടാണ്. ഞാൻ ഇന്ന ഭാഗത്തുള്ള സ്ഥലം നിനക്ക് സമ്മാനിച്ചിരുന്നു. നീ അത് ഏറ്റെടുക്കുകയും അതിൽനിന്ന് പ്രയോജനമെടുക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത് തീർച്ചയായും നിന്റെ ഉടമസ്ഥതയിൽ ഉള്ളത് തന്നെയാണ്. പക്ഷെ ഇപ്പോൾ എന്റെ എല്ലാ പിന്തുടർച്ചാവകാശികളും അതിന്റെ ഉടമസ്ഥരാണ്. നീ അത് എനിക്ക് തിരിച്ച് തരണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. കാരണം എന്റെ എല്ലാ മക്കൾക്കും അല്ലാഹുവിന്റെ ഗ്രന്ഥത്തിനനുസരിച്ച് അത് വിതരണം ചെയ്യണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. എന്റെ മക്കളിൽ ആർക്കും ആരുടെയുംമേൽ മേൻമ കൽപിച്ചിട്ടില്ലാത്ത അവസ്ഥയിൽ എന്റെ റബ്ബിനെ കണ്ടുമുട്ടാൻ ഞാൻ ആഗ്രഹിക്കുന്നു. അപ്പോൾ ഹദ്റത് ആയിശ പറഞ്ഞു: താങ്കളുടെ കൽപന അക്ഷരം പ്രതി പ്രാവർത്തികമാക്കുന്നതാണ്.

അല്ലാഹു അദ്ദേഹത്തിന് ഖിലാഫത്തിന്റെ പുതപ്പ് അണിയിച്ചപ്പോൾ അടുത്ത ദിവസം പതിവുപോലെ തന്റെ ചുമലിൽ വസ്ത്രങ്ങളുമെടുത്ത് ചന്തയിലേക്ക് പുറപ്പെട്ടു. വഴിയിൽ ഹദ്റത് ഉമറും ഹദ്റത് അബൂ ഉബൈദയും അദ്ദേഹത്തെ കണ്ടുമുട്ടി. ഇവർ പറഞ്ഞതിനാൽ ഒരു സ്റ്റൈപൻഡ് (വേതനം) നിശ്ചയിച്ചു. ഈ വേതനമെന്നത് അദ്ദേഹത്തിന് രണ്ടു പുതപ്പുകൾ കിട്ടിയിരുന്നു. അത് പഴകുമ്പോൾ അത് തിരിച്ച്കൊടുത്ത് പുതിയത് വാങ്ങുമായിരുന്നു. യാത്രാവേളയിൽ സവാരി ഉണ്ടായിരുന്നു. ഖിലാഫത്തിന് മുമ്പ് ഉണ്ടായിരുന്ന അതെ രീതിയിൽ തന്നെയാണ് തനിക്കും തന്റെ കുടുംബത്തിനുംവേണ്ടി ചിലവ് ചെയ്തിരുന്നത്.

ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: മുഴുവൻ ഇസ്‌ലാമിക രാജ്യത്തിന്റേയും രാജാവായിരുന്ന ഹദ്റത് അബൂബക്കറിന് എന്താണ് കിട്ടിയിരുന്നത്? അദ്ദേഹം പൊതുധനത്തിന്റെ സംരക്ഷകനായിരുന്നു. പക്ഷെ അതിൽനിന്ന് ഒന്നും എടുത്തിട്ടുണ്ടായിരുന്നില്ല.

ഹദ്റത് അബൂബക്ക(റ)ന്റെ കയ്യിൽനിന്ന് ഒട്ടകത്തിന്റെ കടിഞ്ഞാൺ താഴെ വീഴുകയാണെങ്കിൽ അദ്ദേഹം തന്റെ ഒട്ടകത്തെ ഇരുത്തുകയും പിന്നെ ആ കടിഞ്ഞാൺ എടുക്കുകയും ചെയ്തിരുന്നു. താങ്കൾ എന്ത്കൊണ്ട് അതെടുത്ത് തരാൻ ഞങ്ങളോട് പറയുന്നില്ല എന്ന് ചോദിച്ചപ്പോൾ ഹദ്റത് അബൂബക്കർ പറഞ്ഞു: എന്റെ പ്രിയ സ്നേഹിതൻ(സ) എന്നോട് കൽപിച്ചത്, ഞാൻ ആരോടും ഒന്നും ചോദിക്കരുത് എന്നാണ്.

അബൂബക്കറിന് നമ്മളെക്കാളും എന്ത് മേന്മയാണ് ഉള്ളത് എന്ന് ജനങ്ങൾ സംസാരിക്കുന്നത് നബി(സ) ഒരിക്കൽ കേൾക്കാനിടയായി. അദ്ദേഹം നന്മ ചെയ്യുന്നത് പോലെ നമ്മളും നന്മ ചെയ്യുന്നു. നബി(സ) അത് കേട്ടപ്പോൾ പറഞ്ഞു: ഹദ്റത് അബൂബക്കറിന്റെ മേന്മ നമസ്കാരവും നോമ്പും കാരണമല്ല. മറിച്ച് അദ്ദേഹത്തിന്റെ ഹൃദയത്തിലുള്ള നന്മ കാരണമാണ്.

ഹദ്റത് മസീഹ് മൗഊദ്(അ) വിശുദ്ധ ഖുർആനിലെ ഒരു ആയത്തിനെ വിവരിച്ചുകൊണ്ട് ഹദ്റത് അബൂബക്കർ(റ)ന്റെ സ്ഥാനമാഹാത്മ്യങ്ങൾ ഇങ്ങനെ വിവരിക്കുന്നു: അല്ലാഹു ഇവിടെ പറയുന്നു: നിനക്ക് സുദൃഢ ജ്ഞാനത്തിന്റെ സ്ഥാനം ലഭ്യമാകുന്നതുവരെ നീ ഇബാദത്ത് ചെയ്തുകൊണ്ടിരിക്കുക, എത്രത്തോളമെന്നാൽ എല്ലാ ആവരണങ്ങളും ഇരുട്ടിന്റെ മറകളും നീങ്ങിപ്പോകുകയും താൻ നേരത്തെ ഉള്ളവനല്ല എന്ന് ബോധ്യപ്പെടുകയും ചെയ്യും. മറിച്ച് ഇപ്പോൾ പുതിയ ഭൂമിയും ആകാശവും ആണെന്നും താൻ പുതിയ സൃഷ്ടി ആണെന്നും ബോധ്യമാകും. ഈ പുനർജന്മത്തിനു തന്നെയാണ് സൂഫികൾ ബഖാ എന്ന പേര് പറയുന്നത്. മനുഷ്യൻ ഈ തലത്തിൽ എത്തുമ്പോൾ അല്ലാഹുവിന്റെ ആത്മാവ് അവനിൽ ഊതപ്പെടുന്നു. മലക്കുകൾ അവർക്കുമേൽ ഇറങ്ങുന്നു. തിരുനബി(സ) ഹദ്റത് അബൂബക്കർ(റ)നെ കുറിച്ച് ഈ ഒരു തത്വരഹസ്യമാണ് പറഞ്ഞുതന്നത്; അതായത് ആരെങ്കിലും മൃതദേഹം ഭൂമിയിലൂടെ നടക്കുന്നതായി കാണാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവർ അബൂബക്കറിനെ കണ്ടുകൊള്ളട്ടെ! അബൂബക്കറിന്റെ പദവി അദ്ദേഹത്തിന്റെ ഭൗതിക കർമ്മങ്ങൾ കൊണ്ട് മാത്രം ഉള്ളതായിരുന്നില്ല. മറിച്ച് അത് അദ്ദേഹത്തിന്റെ ഹൃദയത്തിലാണ് ഉണ്ടായിരുന്നത്.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ഒരിക്കൽ നബി തിരുമേനി(സ) പറഞ്ഞു: ആരുടെ വസ്ത്രമാണോ താഴേക്ക് നീണ്ടുകിടക്കുന്നത് അവൻ നരകത്തിൽ പോകുന്നതാണ്. ഹദ്റത് അബൂബക്കർ(റ) ഇത് കേട്ടപ്പോൾ കരഞ്ഞു തുടങ്ങി. കാരണം അദ്ദേഹത്തിന്റെ വസ്ത്രം അങ്ങനെയുള്ളതായിരുന്നു. നബി(സ) പറഞ്ഞു: താങ്കൾ അതിൽ ഉൾപ്പെടുന്നില്ല. ചുരുക്കത്തിൽ ഉദ്ദേശങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. (ഓരോരുത്തരുടെയും) സ്ഥാനങ്ങളുടെ നിലവാരവും പരിഗണിക്കേണ്ടതാണ്.

തിരുനബി (സ)നോടുള്ള പൂർണമായ അനുസരണവും അനുരക്തിയും ആത്മാഭിമാനത്തിന്റേയും സംഭവം, ഒരു ദിവസം ഹദ്റത്ത് ആയിശ, വീട്ടിൽ നബി(സ)നോട് കുറച്ച് നീരസത്തോട് കൂടി സംസാരിക്കുകയായിരുന്നു. അപ്പോൾ അവിടേക്ക് അവരുടെ പിതാവ് ഹദ്റത് അബൂബക്കർ വരികയുണ്ടായി. ഈ അവസ്ഥ കണ്ടപ്പോൾ അദ്ദേഹത്തിന് സഹിച്ചില്ല. അദ്ദേഹം തന്റെ മകളെ അടിക്കാൻ മുന്നോട്ട് വന്നു. തിരുനബി(സ) ഇത് കണ്ടപ്പോൾ പിതാവിനും മകൾക്കുമിടയിൽ വന്നു. ഹദ്റത് അബൂബക്കർ നൽകാൻ ഉദ്ദേശിച്ച ശിക്ഷയിൽനിന്ന് ഹദ്റത് ആയിശയെ രക്ഷിച്ചു. ഹദ്റത് അബൂബക്കർ പോയതിനുശേഷം തിരുനബി(സ) ഹദ്റത് ആയിശയോട് തമാശ രൂപത്തിൽ പറഞ്ഞു: ഇന്ന് നിന്റെ പിതാവിൽനിന്ന് നിന്നെ നാം എങ്ങനെയാണ് രക്ഷിച്ചതെന്ന് നീ കണ്ടില്ലേ. കുറച്ച് ദിവസത്തിനുശേഷം ഹദ്റത് അബൂബക്കർ വീണ്ടും വന്നപ്പോൾ തിരുനബി(സ)യുടെ അടുത്ത് ഹദ്റത് ആയിശ ചിരിച്ചും സന്തോഷിച്ചും സംസാരിക്കുന്നതായി കണ്ടു. ഹദ്റത് അബൂബക്കർ പറഞ്ഞു: നിങ്ങൾ നിങ്ങളുടെ വഴക്കിൽ എന്നെ പങ്കാളിയാക്കി. ഇനി സന്തോഷത്തിലും എന്നെ ക്കൂടി പങ്കെടുപ്പിക്കുക. അപ്പോൾ നബി(സ) പറഞ്ഞു; ഞങ്ങൾ താങ്കളെയും ഉൾപ്പെടുത്തിയിരിക്കുന്നു.

ബാക്കി ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔


Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Mubarak Mosque, Islamabad, UK – on 16.09.2022

Malayalam Translation: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

D.T.P: P.M. Waseem ahmad Chelakkara

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**